മാർഗി
തിരുവനന്തപുരം

മഹാകവി മൂലൂർ എസ് പത്മനാഭപ്പണിക്കരുടെ

# കൃഷ്ണാർജ്ജുനവിജയം
# കഥകളി അരങ്ങേറ്റം

ഉദ്ഘാടനം
ആദരണീയനായ സംസ്ഥാന
സാംസ്കാരികകാര്യവകുപ്പ മന്ത്രി
**ശ്രീ സജി ചെറിയാൻ**

മാർഗി നാട്യഗൃഹം
കോട്ടയ്ക്കകം, തിരുവനന്തപുരം
2022 മാർച്ച് 8 ചൊവ്വാഴ്ച
വൈകുന്നേരം 5.30 ന്



## കൃഷ്ണാർജ്ജുനവിജയം കഥകളി

അരങ്ങുപാഠം : ഡോ.പി.വേണുഗോപാലൻ

പാണ്ഡവന്മാർ വനവാസം ചെയ്യുന്ന കാലം. ശ്രീകൃഷ്ണന്റെ ശൃംഗാരപ്പദത്തോടെയാണ് കഥാരംഭം. പത്നിമാരുടെ കമ്മിനൃത്തവും മറ്റും ഉൾക്കൊള്ളുന്ന ഈ രംഗത്തിന്റെ അവസാനം ശ്രീകൃഷ്ണൻ പ്രഭാതവന്ദനത്തിനായി പോകുന്നു. ആ സമയത്ത് ഗയൻ എന്ന ഗന്ധർവ്വൻ ഇന്ദ്രനെ കാണാൻ കുതിരപ്പുറത്ത് ആകാശത്തിലൂടെ പായുന്നതിനിടയിൽ കുതിരയുടെ വായിലെ നുര കൃഷ്ണന്റെ കൈകളിൽ വീണു. അഹങ്കാരിയായ ഗയനെ സൂര്യാസ്തമയത്തിനകം നിഗ്രഹിക്കുമെന്ന് കൃഷ്ണൻ ശപഥം ചെയ്യുന്നു. ജീവഹാനി ഭയന്ന ഗയൻ ഇന്ദ്രൻ, ബ്രഹ്മാവ്, ശിവൻ തുടങ്ങിയവരെ അഭയം പ്രാപിച്ചെങ്കിലും അവരെല്ലാം കൈയൊഴിഞ്ഞു. നിരാലംബനായി വഴിയിൽ കിടന്നു വിലപിച്ച ഗയനെ നാരദൻ ചെന്നാശ്വസിപ്പിച്ചു. അർജ്ജുനനെ ചെന്നു കണ്ട് രക്ഷിക്കാമെന്ന് ശപഥം ചെയ്യിച്ചാൽ പരിഹാരമുണ്ടാകുമെന്ന് നാരദൻ ഉപദേശിച്ചു. ദ്വൈതവനത്തിൽ ചെന്ന് അർജ്ജുനനെക്കണ്ട് സങ്കടം പറഞ്ഞ ഗയനെ രക്ഷിക്കാമെന്ന് ഗാണ്ഡീവത്തെ തൊട്ട് അർജ്ജുനൻ സത്യം ചെയ്തു. പിന്നീടാണറിയുന്നത് ശത്രു കൃഷ്ണനാണെന്ന്. കൃഷ്ണനോട്ട യുദ്ധം ചെയ്യാൻ അർജ്ജുനൻ വിസമ്മതിച്ചു നിൽക്കെ, നാരദൻ അവിടെയെത്തി സത്യം ചെയ്ത പ്രകാരം ഗന്ധർവ്വരക്ഷയ്ക്കായി പുറപ്പെടണമെന്ന് ഉപദേശിച്ചു. അങ്ങനെ കലഹപ്രിയനായ നാരദന്റെ ഉപദേശത്താൽ അർജ്ജുനൻ യുദ്ധത്തിനായി പുറപ്പെടുന്നു. പിന്നെ നാരദൻ ഹസ്തിനപുരിയിൽ ചെന്ന് ദുര്യോധനാദികളെ ഈ വൃത്താന്തമറിയിച്ച് അവരെയും യുദ്ധരംഗത്തേക്കയക്കുന്നു. ശ്രീകൃഷ്ണന്റെ അരികിലും നാരദനെത്തി അർജ്ജുനനും ദുര്യോധനാദികളും യുദ്ധത്തിനു പുറപ്പെട്ടിട്ടുണ്ടെന്നറിയിച്ച് കൃഷ്ണന്റെ കോപത്തെ ജ്വലിപ്പിക്കുന്നു. കൃഷ്ണൻ ഗരുഡന്റെ പുറത്തേറി പട പുറപ്പെട്ടു. ഗരുഡൻ ദുര്യോധനാദികളെ പരാജയപ്പെടുത്തി അയച്ചു. കൃഷ്ണനും അർജ്ജുനനും ഏറ്റുമുട്ടി. കൃഷ്ണൻ സുദർശനത്തെയും അർജ്ജുനൻ പാശുപതത്തെയും പ്രയോഗിച്ചു. ചക്രാസ്ത്രങ്ങളേറ്റുമുട്ടുന്ന ഈ ഘോരയുദ്ധത്തിന്റെ രസകരമായ പരിണാമം അരങ്ങിൽ കണ്ടാസ്വദിക്കുക.





ബഹുമാന്യരേ,

എല്ലാ വർഷവും പുതിയ കഥകൾ ചിട്ടപ്പെടുത്തി രംഗാവതരണം ചെയ്യുന്ന മാർഗിയിലെ കളരിപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ രചിച്ച കൃഷ്ണാർജ്ജുനവിജയം കഥകളി അവതരിപ്പിക്കുന്നു. കേരളീയസമൂഹത്തിലെ നവോത്ഥാനശില്പികളിൽ പ്രാതഃസ്മരണീയനാണ് മൂലൂർ. ശ്രീനാരായണഗുരുവിന്റെ പാത പിന്തുടർന്ന് അധഃസ്ഥിതസമുദായങ്ങളുടെ ഉന്നമനത്തിനായി ജീവിതാന്ത്യം വരെ പ്രവർത്തിച്ച സമുദായപരിഷ്കർത്താവു കൂടിയായിരുന്നു ഈ കവി. കേരളീയ ക്ലാസിക്കൽ ദൃശ്യകലകളിലും തത്പരനായിരുന്ന അദ്ദേഹം രണ്ട് ആട്ടക്കഥകളും രചിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കും കഥകളിയിൽ താത്പര്യം ജനിപ്പിക്കുന്നതിനായി സ്വന്തം ചെലവിൽ ഒരു കഥകളിക്കളരിയും അദ്ദേഹം നടത്തിയിരുന്നു. താനെഴുതിയ കഥകൾ അവിടെ ചൊല്ലിയാടിച്ച് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിൽക്കാലത്ത് അരങ്ങിൽ പ്രചാരം നഷ്ടപ്പെട്ട ആ കഥകളിൽ ഒന്ന്, സാമാന്യജനങ്ങൾക്കും വളരെ ആസ്വാദ്യമായ കൃഷ്ണാർജ്ജുനവിജയം, മാർഗിയിൽ പുതുതായി ചിട്ടപ്പെടുത്തി അരങ്ങേറ്റം ചെയ്യുന്നു.

മൂലൂരിന്റെ നൂറ്റിഅമ്പത്തിമൂന്നാം ജയന്തിയോടനുബന്ധിച്ച് 2022 മാർച്ച് 8-ാം തീയതി വൈകുന്നേരം 5.30 ന് ബഹുമാനപ്പെട്ട സാംസ്കാരികവകുപ്പ മന്ത്രി ശ്രീ സജി ചെറിയാൻ ഈ അരങ്ങേറ്റം ഉദ്ഘാടനം ചെയ്യുന്നു. മലയാളത്തിന്റെ അഭിമാനമായ ശ്രീ.അടൂർ ഗോപാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരജേതാവായ മാർഗിയുടെ അദ്ധ്യക്ഷൻ ഡോ. ജോർജ്ജ് ഓണക്കൂറിനെയും കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെലോഷിപ്പും കേരള കലാമണ്ഡലം അവാർഡും ലഭിച്ച മാർഗി വിജയകുമാറിനെയും ആദരിക്കുന്നതാണ്. എല്ലാ സഹൃദയരുടെയും സാന്നിദ്ധ്യസഹകരണങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

എസ്.ശ്രീനിവാസൻ
ഐ എ എസ് (റിട്ടയേഡ്)
സെക്രട്ടറി, മാർഗി

26-02-2022
തിരുവനന്തപുരം

# കാര്യപരിപാടി

2022 മാർച്ച് 8 വൈകുന്നേരം 5.30 ന്
മാർഗി നാട്യഗൃഹം, കോട്ടയ്ക്കകം






മാർഗിയിലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന
**പഞ്ചാരിമേളം**

6.00 മണിക്ക്
## ഉദ്ഘാടനസമ്മേളനം

പ്രാർത്ഥന:
കുമാരി ഗൗരി മൂലൂർ

സ്വാഗതം :
ശ്രീ. എസ് ശ്രീനിവാസൻ

അദ്ധ്യക്ഷൻ :
**ശ്രീ അടൂർ ഗോപാലകൃഷ്ണൻ**
രക്ഷാധികാരി, മാർഗി

മൂലൂർ അനുസ്മരണം :
ഡോ.പി.വേണുഗോപാലൻ

ഡോ.ജോർജ്ജ് ഓണക്കൂറിനെയും
മാർഗി വിജയകുമാറിനെയും ആദരിക്കലും
കഥകളി അരങ്ങേറ്റം ഉദ്ഘാടനവും :
**ശ്രീ സജി ചെറിയാൻ**
ബഹു. സാംസ്കാരിക വകുപ്പ മന്ത്രി

കൃതജ്ഞത :
പ്രൊഫ. എം. ആർ സഹൃദയൻതമ്പി
സെക്രട്ടറി, മൂലൂർ ഫൗണ്ടേഷൻ

7.00 മണിക്ക്
**കൃഷ്ണാർജ്ജുനവിജയം കഥകളി**